## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2294      05.02.2018-ൽ മറുപടിക്ക്**

**ചെക്ക്പോസ്റ്റുകളിൽ കൂടി കൊണ്ടുപോകുന്ന സാധനങ്ങളുടെ ബില്ലുകളുടെ പരിശോധന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നുപോകുന്ന സാധനങ്ങളുടെ ബില്ലുകൾ പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) | ജി.എസ്.ടി. നടപ്പിലായതിനെ തുടർന്ന് 01-02-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്ക നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്ക നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക കഴിയും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പ വരുത്തുന്നതിനായി ചരക്ക വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനായി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വ്യാജബില്ലുകൾ ഉപയോഗിച്ച് സാധനങ്ങൾ കടത്തിക്കൊണ്ടുപോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് പ്രാപ്തമായ പരിശോധനാ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വ്യാജ ജി.എസ്.ടി നമ്പരുകളും അന്യസംസ്ഥാന ജി.എസ്.ടി. നമ്പരുകളും തിരിച്ചറിയുന്നതിന് പരിശോധനകളിലൂടെ കഴിയുന്നുണ്ടോ; | (ബി) യും (സി) | ഇ-വേ ബിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ഇ-വേ ബിൽ എടുക്കുന്നതിന് ആദ്യം ഇ-വേ ബിൽ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾ തന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് എന്നാണ്. ചരക്ക് നീക്കം ആരംഭിക്കുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാകും. ചരക്കുനീക്കത്തിന് ഇന്ത്യയൊട്ടാകെ ഒരു ഇ-വേ ബിൽ മാത്രം |
| (സി) | ഇല്ലെങ്കിൽ പരിശോധനാ സംവിധാനത്തിലെ ആപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | മതിയാകും. ഇത് ചരക്കനീക്കം സുഗമമാക്കുകയും നികുതിവെട്ടിപ്പ് കുറയ്ക്കുകയും ചെയ്യും. ഇ-വേ ബിൽ പരിശോധിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ചരക്കനീക്കത്തെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാവുകയും പരിശോധന വളരെ എളുപ്പമാവുകയും ചെയ്യും. ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുന്നതിനു വന്ന കാലതാമസവും ഇപ്പോൾ നടപ്പിലാക്കിയപ്പോൾ വന്നിട്ടുള്ള അപാകതകളും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത് അപ്പപ്പോൾ Government of India -യുടെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. ഇപ്രകാരം വ്യാജബില്ലുകൾ, വ്യാജ ജി.എസ്.ടി നമ്പരുകൾ എന്നിവ ഒരു പരിധിവരെ തിരിച്ചറിയുവാൻ കഴിയും എന്നു കരുതുന്നു. |

**സെക്ഷൻ ഓഫീസർ**